# കുന്നിക്കുരു

**ലിറ്റിൽകൈറ്റ്സ്**

ഗവ.മോഡൽ.ഹൈസ്കൂൾ

ഫോർ ഗേൾസ്.കൊല്ലം

# ഉള്ളടക്കം


1. എഡിറ്റോറിയൽ

2.സ്ക്കൂൾ ചരിത്രം

3.ചിന്ത (കവിത)

4.പൂവിന്റെ ദിവസം (കഥ)

5.കലോത്സവ കാഴ്ചകളിലൂടെ

6. മാർളിൻ മോൺറോ (ജീവചരിത്രം)

7.അവൾ (ചെറുകഥ)

8.പുഴകൾ ഓർമ്മകൾ (ചെറുകഥ)

9.കൈരേഖകൾ

10.വനത്തിലീടെ ഒരു സഞ്ചാരം

11.പുസ്തകപ്രകാശനം, കുട്ടിക്കവിത

13. പ്രളയത്തിൻ കാലം (കഥ)

14.കുട്ടികളും മാനസികാരോഗ്യവും

15.പൈത്തൺ (പ്രോഗ്രാമിംഗ്)

# കുന്നിക്കുരു

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി കൈറ്റ് കേരളയുടെ മേൽനോട്ടത്തിൽ തുടങ്ങിയ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഈ സ്കൂളിൽ ആരംഭിച്ചിട്ടുണ്ട്.ഹൈടെക്ക് സംവിധാനത്തിൽ പഠനപ്രവർത്തനങ്ങൾ കൂടുതൽ സാങ്കേതികവിദ്യാധിഷ്ഠിതമാകുന്നതോടെ അധ്യാപകർക്കൊപ്പം വിവരനിർമിതിയിലും മറ്റ് പ്രവർത്തനങ്ങളിലും വിദ്യാർഥികളെയും പങ്കാളികളാക്കുക, കുട്ടികളുടെ സാങ്കേതികപരിജ്ഞാനം വികസിപ്പിക്കുക, ഹൈടെക് പ്രവർത്തനങ്ങളിൽ മറ്റ് കുട്ടികൾക്ക് വിദഗ്ധ സഹായം നൽകുക എന്ന ലക്ഷ്യങ്ങളോടെ സ്കൂൾ തലത്തിൽ പ്രവർത്തിക്കുന്ന ഐ.സി.ടി കൂട്ടായ്മയാണ് ലിറ്റിൽകൈറ്റ്സ്.എട്ടാം ക്ലാസിൽ പഠിക്കുന്ന വിദ്യാർഥികളിൽ നിന്നും ജനുവരി മാസത്തിൽ ഒരു അഭിരുചി പരീക്ഷ നടത്തി തെരഞ്ഞെടുക്കപ്പെടുന്ന 20 മുതൽ 40 വരെ കുട്ടികളെയാണ് ഒരു യൂണിറ്റിൽ ഉൾപ്പെടുത്തുന്നത്. 2018 ൽ ആരംഭിച്ച യൂണിറ്റ് മുൻവർഷങ്ങളിലെതുപോലെ തന്നെ , കുട്ടികളുടെ സൃഷ്ടികൾ ഉൾപ്രേടുത്തിക്കൊണ്ട് മാഗസിൻ തയ്യാറാക്കി സമർപ്പിക്കുന്നു.

**പ്രഥമാദ്ധ്യാപിക**
നിർമ്മല എ കെ

**മാഗസിൻ എഡിറ്റർ**
വൈദേഹി ജെ

**സബ് എഡിറ്റർ**
കീർത്തന കിഷോർ

**മാഗസിൻ ഇൻ ചാർജ് -1**
ഗൗരിനന്ദ

**മാഗസിൻ ഇൻ ചാർജ് -2**
ശിവാനി.യു

**ലിറ്റിൽകൈറ്റ്സ് മിസ്ട്രസ് 1**
അന്നമ്മ എം റജീസ്

**ലിറ്റിൽകൈറ്റ്സ് മിസ്ട്രസ് 2**
ജാസ്മിൻ എഫ്

# കൈറ്റ്

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സർക്കാർ കമ്പനിയാണ് കൈറ്റ് ഇതിന്റെപൂർണ്ണനാമം കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ എന്നാണ് . പൊതുവിദ്യാഭ്യാസ വകുപ്പിനു കിഴിലെ ആദ്യത്തെ സർക്കാർ കമ്പനിയാണിത്. പൊതുവിദ്യാഭ്യാസവകുപ്പിന്റെ ഭാഗമായ ഐ.ടി@സ്കൂൾ പ്രോജക്ട് ആണ് കൈറ്റ് ആയി മാറിയത്. അടിസ്ഥാന വികസന പ്രവർത്തനങ്ങൾകൂടി ലക്ഷ്യമിടുന്ന കൈറ്റിന്റെ പ്രവർത്തനമേഖല കമ്പനി രൂപീകരണത്തോടെ ഉന്നതവിദ്യാഭ്യാസ മേഖലയിലേക്കും വ്യാപിപ്പിച്ചു. നവകേരള മിഷൻ തുടങ്ങിയശേഷം രൂപീകൃതമാകുന്ന ആദ്യത്തെ പ്രത്യേക ഉദ്ദേശ്യ കമ്പനിയും ’കൈറ്റ്’ ആണ്.



ഒരു സെക്ഷൻ 8 കമ്പനിയായാണ് കൈറ്റ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. 2001ലാണ് ഐടി@സ്കൂൾ പ്രോജക്ട് രൂപീകരിച്ചത്. 2005ൽ പത്താംക്ളാസിൽ ഐടി പാഠ്യവിഷയമായതും എഡ്യൂസാറ്റ് സംവിധാനവും ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് നടപ്പാക്കിയതും ഐടി@സ്കൂളിനെ ശ്രദ്ധേയമാക്കി. 2008 എസ്എസ്എൽസി പരീക്ഷ പൂർണമായും സ്വതന്ത്രസോഫ്റ്റ്വെയറിലേക്കുമാറി.

## ഹൈടെക് സ്കൂൾ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ

അന്തർദേശീയ നിലവാരത്തിലേക്കുയർത്തുന്നതിനായി 8 മുതൽ 12 വരെയുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ ഏകദേശം 45000 ക്ലാസ്മുറികൾ ഹൈടെക് നിലവാരത്തിലെത്തിക്കുന്നതിനുള്ള പദ്ധതിയാണ് ഹൈടെക് സ്കൂൾ. ഈ പദ്ധതി വഴി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ഓരോ ക്ലാസ്മുറിയ്ക്കും ഒരു ലാപ്ടോപ്പും മൾട്ടീമീഡിയ പ്രൊജക്ടറും വൈറ്റ് ബോർഡും ശബ്ദസംവിധാനവും വിതരണം ചെയ്തു. ഡിജിറ്റൽ ഇന്ററാക്ടീവ് പാഠപുസ്തകം, എല്ലാ വിഷയങ്ങളുടെയും പാഠ്യപഠനത്തിനു സഹയാകമാകുന്ന ഡിജിറ്റൽ ഉള്ളടക്ക ശേഖരം, എല്ലാവർക്കും മുഴുവൻ സമയപഠനാന്തരീക്ഷം ഉറപ്പാക്കുന്ന സമഗ്രപോർട്ടൽ, ഇ ലേണിങ്/എം ലേണിങ്/ലേണിങ് മാനേജ്മെന്റ് സംവിധാനം, മൂല്യനിർണയ സംവിധാനങ്ങൾ തുടങ്ങിയവയും ഹൈടെക് സ്കൂളിന്റെ ഭാഗമായി നടപ്പിലാക്കുന്നവയാണ്.

## സമഗ്ര ഇ പോർട്ടൽ

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ക്ലാസ്മുറികളിൽ 1 മുതൽ 12 വരെ ക്ലാസുകളിലെ പഠനത്തിനാവശ്യമായ റിസോഴ്സുകൾ ഉൾപ്പെടുത്തിക്കൊണ്ട് കൈറ്റ്, സമഗ്ര എന്ന പേരിൽ ഒരു ഇ - പോർട്ടൽ വികസിപ്പിക്കുകയുണ്ടായി. ഈ

പോർട്ടലിൽ ഇ - റിസോഴ്സസുകളും പാഠപുസ്തകങ്ങളും ചോദ്യ ശേഖരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ എന്നീ ഭാഷകളിൽ ഈ വിഭവങ്ങൾ ലഭ്യമാണ്.

## ലിറ്റിൽ കൈറ്റ്സ്

കൈറ്റിന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ പൊതുവിദ്യാലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ്വെയറും ഇലക്ട്രോണിക്സും എന്നീ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ആരംഭിച്ച ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന പദ്ധതിയാണ് പിന്നീട് ലിറ്റിൽ കൈറ്റ്സ് ആയി മാറിയത്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

## കൈറ്റ് ഓപ്പൺ ഓൺലൈൻ ലേണിങ്

കേരളത്തിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഓൺലൈനായി പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ കൈറ്റ് ആരംഭിച്ച ഓൺലൈൻ പരിശീലന പോർട്ടലാണ് കൈറ്റ് ഓപ്പൺ ഓൺലൈൻ ലേണിങ് (KOOL).

## യുനെസ്കോ റിപ്പോർട്ട്

2023 ൽ യുനെസ്കോ പുറത്തിറക്കിയ ആഗോള വിദ്യാഭ്യാസ നിരീക്ഷണ റിപ്പോർട്ടിലെകേരളത്തെക്കുറിച്ചുള്ള പരാമർശത്തിൽ കൈറ്റിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തു നടപ്പിലാക്കിയ സ്കൂൾ വിക്കി, സ്വതന്ത്ര സോഫ്റ്റ്വേർ നയം, ഡിജിറ്റൽ വിഭജനത്തിലെ അന്തരം കുറയ്ക്കൽ എന്നിവയെക്കുറിച്ച് പരാമർശിച്ചിരുന്നു.

# സ്കൂൾ ചരിത്രം

കൊല്ലം കോർപ്പറേഷന്റെ പരിധിയിലുള്ള തേവള്ളി ഡിവിഷനിൽ എട്ടാം വാർഡിൽ സ്ഥിതിചെയ്യുന്ന സ്കൂളുകളിൽ ഒന്നാണ് ഗവ. മോഡൽ.എച്ച്. എസ്.ഫോർ ഗേൾസ്, കൊല്ലം. കൊല്ലം ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ് ഇത്. ദേശിംഗനാടിന്റെയും തിരുവിതാംകൂറിന്റെയും തിരുകൊച്ചിയുടെയും സഞ്ചാരപഥമായ ജലപാതയ്ക്ക് സമീപത്തായി പൊതുവിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി 1875 ൽ ശ്രേഷ്ഠ ആയില്യം തിരുനാൾ ആണ് ഈ സ്ക്കൂൾ സ്ഥാപിച്ചത്.

ഉയർന്ന ജാതിക്കാർക്ക് മാത്രമായിരുന്നു ആദ്യകാലങ്ങളിൽ പ്രവേശനം.പെൺകുട്ടികളെ മുഖ്യധാരയിലേയ്ക്ക് ഉയർത്താനും സ്ത്രീപുരോഗമനവും ലക്ഷ്യം വച്ചുകൊണ്ടാണ് ഈ സ്ക്കൂൾ സ്ഥാപിച്ചത്. ഈ സ്ക്കൂൾ ബാല്യദശ പിന്നിടുമ്പോൾ രണ്ടായിരത്തിൽപ്പരം വിദ്യാർത്ഥികളുമായി പൊതു വിദ്യാഭ്യാസ രംഗത്ത് മികവിന്റെ കേന്ദ്രബിന്ദുവായി മാറിയിരുന്നു. വിവിധ മേഖലകളിൽ പ്രശസ്തരായ അനേകം വ്യക്തികൾ ഈ സ്ക്കൂളിലെ പൂർവ്വവിദ്യാർത്ഥികളായിരുന്നു. കേരളത്തിലെ ആദ്യത്തെ വനിതാ മേയറായ ശ്രീമതി സബിതാബീഗം ഈ സ്കൂളിലെ പൂർവ വിദ്യാർഥിയാണ്. കൂടാതെ ഇന്ന് സമൂഹത്തിന്റെ ഉന്നതനിലകളിൽ ഈ സ്ക്കൂളിന്റെ മക്കൾ പ്രശോഭിക്കുന്നു. പ്രൈമറി തലം മുതൽ ഹൈസ്ക്കൂൾ തലം വരെ പത്ത് വീതം ഡിവിഷനുകളിലായി ആയിരക്കണക്കിന് വിദ്യാർത്ഥിനികൾ ഓരോ കൊല്ലവും പഠനം പൂർത്തിയാക്കിയിരുന്നു. സ്ഥലപരിമിതിയും കുട്ടികളുടെ ബാഹുല്യവും നിമിത്തം വർഷങ്ങൾക്കു ശേഷം എൽ. പി. യു. പി. വിഭാഗങ്ങൾ മാറ്റി കൊല്ലം സബ് ജയിലിനടുത്തായി ഠൗൺ യു. പി. സ്ക്കൂൾ ആരംഭിച്ചു.



തുടർന്ന് ഗവ. മോഡൽ.എച്ച്. എസ്.ഫോർ ഗേൾസ് എന്ന പേരോടുകൂടി അധ്യയനം തുടങ്ങി. 1949 ൽ ഹൈസ്കൂളിലെ ആദ്യത്തെ പത്താം ക്ലാസ്സ് ബാച്ച് പുറത്തിറങ്ങി. പിന്നീടുള്ള കാലയളവിൽ വികച്ച നേട്ടവുമായി പ്രഗൽഭമതികളെയും വാർത്തെടുത്ത് ദേശിംഗനാടിന്റെ തിലകക്കുറിയായി മാറി. അൻപത്തിരണ്ടോളം ഡിവിഷനുകൾ, എൺപതിൽപരം ടീച്ചേഴ്സ്, പരിമിതമായ സ്ഥലത്ത് നിറയെ ഓലമേഞ്ഞ ക്ലാസ്സ്മുറികളായിരുന്നു.പിന്നീട് മാറ്റങ്ങൾ വന്നപ്പോൾ ഗവ. മോഡൽ ഗേൾസ് സ്കൂളിനും മാറ്റങ്ങൾ ഉണ്ടായി.ഓലമേഞ്ഞ കൂരകൾക്ക് പകരം കോൺക്രീറ്റ് കെട്ടിടം, ഓടിട്ട കെട്ടിടം എന്നിവ വന്നു.സാമൂഹിക പരിതസ്ഥിതിയിലും മാറ്റങ്ങൾ കാണാൻ തുടങ്ങി. എയ്ഡഡ്, അൺഎയ്ഡഡ്, സി ബി എസ് സി, ഐ സി എസ് സി സ്കൂളുകളുടെ കടന്നു കയറ്റം ഈ സ്കൂളിന് തിക്താനുഭവമായി. 2001 കാലയളവിൽ ഡിവിഷൻ ഫാൾവന്ന് സ്കൂൾ അടച്ച്പൂട്ടൽ ഭീഷണിയിലെത്തി. എന്നാൽ 2008 ഓടെ ഉണർവ്വിന്റെ അലകൾ ഈ സ്കൂളിലുണ്ടായി. മികച്ച ഗ്രേഡിൽ എത്തുന്ന വിദ്യാർഥികളുടെ എണ്ണം വർദ്ധിച്ചതോടെ സ്കൂളിലേയ്ക്ക് കുട്ടികളുടെ എണ്ണം വർദ്ധിച്ചു. അർപ്പണമനോഭാവമുള്ള അദ്ധ്യാപകരുടെ നിസ്വാർത്ഥമായ പ്രവർത്തനങ്ങൾ ഈ സ്കൂളിനെ മികവിന്റെ പാതയിലേയ്ക്ക് ഉയർത്തിയിരിക്കുന്നു. ഇന്ന്, 2024ൽ ഈസ്കൂൾ മികവിന്റെ ഉയർന്ന പടികൾ ചവിട്ടിക്കയറുകയാണ്. സംസ്ഥാനകലോത്സവവേദിയാകുക മാത്രമല്ല, സംസ്ഥാന കലോത്സവത്തിലും പ്രവൃത്തിപരിചയമേളയിലും മികവ് തെളിയിച്ചുക്കഴിഞ്ഞു. നൂറുമേനി വിജയവും ഫുൾ എപ്ലസ്സുകളുടെ എണ്ണത്തിലുള്ള വർദ്ധനയും ഈസ്കൂളിനെ കൊല്ലത്തിന്റെ തിലകക്കുറിയാക്കി മാറ്റിയിരിക്കുന്നു.

# ചിന്ത

ചിന്തകളൊരായിരമുദിക്കുന്നുയെന്നും
ചിന്തിക്കണമെന്നാശിച്ചിട്ടല്ലത് ,
ചിന്തിപ്പിക്കുന്നു നമ്മെ ചില -
ചിന്താശകലമാം സമയവും കാലവും.
ചിന്തിച്ചിട്ടെന്ത് പ്രയോജനമെന്നാൽ ചില -
ചിന്തകൾക്കുണ്ട് പ്രയോജനമെങ്കിലും
ചിന്തിച്ചാൽ അന്തമില്ലാത്ത ചിലത്
ചിന്തിച്ചില്ലെങ്കിലുമുണ്ടാകില്ലൊരു കുറവും.
ചിന്താശക്തിയുള്ള ജീവിയ്ക്കൊരിക്കലും
ചിന്തിക്കാതിരിക്കാനാവില്ലയങ്ങനെ
ചിന്തകൊണ്ട്ചിലർ നേടുമ്പോൾ
ചിന്തകൊണ്ട് ചിലരൊടുങ്ങുന്നു.
ചിന്തിച്ചുതുടങ്ങിമ്പോൾ ഉണരണം ബോധം
ചിന്തയതാവശ്യമോയെന്ന് ബോധിച്ച്
ചിന്ത തുടരാൻ കഴിവതുണ്ടാകണം
കരതാരിലെ മധുവാണ് മനമെങ്കിൽ
കരിച്ചിടാം പാഴ് ചിന്തകളെയെല്ലാം
മധുരിച്ചിടുമപ്പോൾ ജീവിതവഴികൾ
മധുവായ മനം പകരുന്ന സ്വാദാൽ.



--അന്നമ്മ എം റജീസ്
ലിറ്റിൽകൈറ്റ്സ് മിസ്ട്രസ്സ്

# പൂവിന്റെ ദിവസം

ഞാൻ എന്റെ കുഞ്ഞു കണ്ണുകൾ പ്രയാസപ്പെട്ട് തുറന്നു. ഒരു നിമിഷത്തേക്ക് ഭൂമിയുടെ മനോഹാരിതയിൽ നിശ്ചലമായി ഞാൻ നിന്നുപോയി. സൂര്യൻ ഉദിക്കാനായി തിടുക്കം കൂട്ടുന്നു. അതിരാവിലെയുള്ള മഞ്ഞുകണങ്ങളുടെ കുളിർമയിൽ സുഖനിദ്രയിൽ നിന്ന് പതുക്കെ മിഴികൾ തുറക്കുന്ന മറ്റു പൂക്കൾ. ഉണരാത്ത നിദ്രയിലാണ്ടുകിടക്കുന്ന മുല്ലപ്പ് അപ്പോഴാണ് വീട്ടിൽനിന്ന് ഒരു മനുഷ്യൻ ഇറങ്ങിവരുന്നത്  എന്റെ  ശ്രദ്ധയിൽപ്പെട്ടത്. അയാൾ ഇറങ്ങിവന്ന്  മറ്റു പൂക്കളെയൊക്കെ വാത്സല്യത്തോടെ നോക്കി  എന്നിട്ട് എന്നെ ശ്രദ്ധിക്കാത്ത മട്ടിൽ നടന്നകന്നു.

പ്രഭാതത്തിന്റെ നിറം മാറിത്തുടങ്ങി. സൂര്യന്റെ ചൂട്  അസഹനീയമായി തോന്നി. പതുക്കെ പതുക്കെ  എന്റെ ഇതളുകൾക്ക് ബലം കുറയുന്നതുപോലെ.... മറ്റു ചെടികളെ ഞാൻ നോക്കി അവരും പതുക്കെ തളരുന്നതായി എനിക്ക് തോന്നി. പക്ഷെ ഏതോ ഒരു അജ്ഞാത ശക്തി  അവരെ പുഞ്ചിരി തൂകി. വിടർന്നു നിൽക്കാൻ വേണ്ടിയുള്ള  ധൈര്യം പകർന്നുകൊടുക്കുന്നുണ്ടാവും. അതുപോലെ എന്റെ കുറവുകളെ  മറന്ന് ഞാനും ചിരിക്കാൻ ശ്രമിച്ചു. കത്തി ജ്വലിക്കുന്ന സൂര്യനു താഴെ ഞാൻ അങ്ങനെ നിന്നു.

സന്ധ്യയായപ്പോൾ ഒരു സ്ത്രീ വീട്ടിൽനിന്ന്  ഇറങ്ങി വന്നു. അവൾ അവളുടെ വിടർന്ന കൗതുകവും സ്നേഹവും തുളുമ്പുന്ന വിടർന്ന കണ്ണുകളിലൂടെ ക്ഷീണിതരായി നിൽക്കുന്ന ചെടികളെ നോക്കി. അവൾ അവർക്ക് വെള്ളം  ഒഴിച്ച്  കൊടുത്തു. എന്നിട്ടും ക്ഷീണിച്ച്  വയ്യാതെ നിൽക്കുന്ന എന്നെ കാണാത്ത മട്ടിൽ അവളും നടന്നകന്നു. ദാഹം കൊണ്ട് ഞാൻ തളർന്നു. എന്റെ ചിന്തകൾ എന്നെ ദുഃഖിതയാക്കി.... എങ്കിലും സങ്കടങ്ങൾ ഉള്ളിലൊതുക്കി ഞാൻ വീണ്ടും പുഞ്ചിരിച്ച്  കൊണ്ട് നിൽക്കാൻ ശ്രമിച്ചു.

പല വർണ്ണങ്ങൾകൊണ്ട് ചായമിട്ടിരുന്ന സായാഹ്നം എന്റെ മനസ്സ് വായിക്കുന്നത് പോലെ കലങ്ങി കലങ്ങി ഒരു നിറമായി മാറാൻ തുടങ്ങുന്നു, രാത്രിയുടെ വരവറിയിച്ചുകൊണ്ട്. രാത്രിയുടെ മൂകതയിൽ സമാധാനം ഞാൻ കണ്ടെത്തി. വെയിലിന്റെ ചൂടിൽ വെന്തുരുകിയ ഇലകൾക്കും ദളങ്ങൾക്കും രാത്രിയുടെ തണുപ്പ് ശാന്തിയേകി.

വീണ്ടും രാവിലെയായി. ഞാൻ തികച്ചും ക്ഷീണിതയായിരുന്നു. ഇന്നലെ സംഭവിച്ചതുപോലെ വീണ്ടും സംഭവിച്ചു. ഞാൻ ആർക്കും വേണ്ടാതെ വിടർന്ന പൂവാണെന്ന് എനിക്ക് തോന്നി. വെറുമൊരു അധികപറ്റ്. ഞാൻ പതുക്കെ ഉറക്കത്തിലേക്ക് പോകുകയാണെന്ന തോന്നൽ എന്നിലുണ്ടായി. ഞാൻ ചുറ്റും നോക്കി അപ്പോഴാണ് എന്റെ ചുറ്റും എന്നെപ്പോലെ കുറേ പൂക്കൾ നിൽക്കുന്നത് ഞാൻ കാണുന്നത്. അവസാനശ്വാസജലസ്പർശത്തിനായി  കൊതിക്കുന്ന പൂക്കൾ.... ഞങ്ങളങ്ങനെ വിഷമിച്ച് നിൽക്കുമ്പോഴാണ് ഒരു കുഞ്ഞു കുട്ടി ഞങ്ങളുടെ അരികിലേക്ക് എത്തിയത്. അവൾ ഞങ്ങളെ സ്നേഹത്തോടെ നോക്കി. എന്നിട്ട് അവൾ ഞങ്ങളെ ഓരോരുത്തരെയായി സൂക്ഷ്മതയോടെ പറിച്ചെടുത്തു മാലയുണ്ടാക്കി. അവൾ മാലയുമിട്ടോണ്ട് അങ്ങോട്ടുമിങ്ങോട്ടുമോടിനടന്നു, എല്ലാവരേയും കാണിച്ചു. ഞങ്ങൾ അവളുടെ കഴുത്തിഷക്കിടന്ന് സന്തോഷത്തോടെയാടിയാടി കളിച്ചു. അവൾ ഞങ്ങളെ പരിഗണിച്ചതിൽ ഞങ്ങൾ അതീവ സന്തുഷ്ടരായിരുന്നു. കാലം കഴിയുന്നതിന്  മുൻപ് ഞങ്ങൾ ഒരു ദിവസമെങ്കിലും ഉല്ലാസത്തോടെ കഴിഞ്ഞു.

വിവേചനത്തിന്റെയും  അവഗണനയുടെയും പാതയിൽ പ്രതീക്ഷയുടെ സ്പർശം എന്റെ ചെറിയ ജീവിതത്തിന് ഒരു അർത്ഥമുണ്ടാക്കുന്നത് പോലെ  തോന്നി.

i



വൈദേഹി.ജെ
IX.C

# കലോത്സവ കാഴ്ച്ചകളിലൂടെ



ദേശിംഗനാട്ടിലെ കഥകളി പെരുമ.....



കാലടികൾതൻ
മാസ്മരിക
ശബ്ദത്താൽ



ദഫ് മുട്ടിലെ ദഫിൻ ഈരടികളിലൂടെ........



ഗ്ലാമർ ഐറ്റം വേദിയിൽ
പൊടിപ്പൊടിക്കുമ്പോൾ



"നമ്മൾ അരങ്ങിൽ തകർത്തല്ലേ?"














# മാർളിൻ മൊൺറോ




മാർളിൻ മൊൺറോ, ഹോളിവുഡിലെ ഒരു അമേരിക്കൻചലചിത്ര അഭിനേത്രി, ഗായിക, മോഡൽ എന്ന രീതിയിൽ അറിയപ്പെട്ടിരുന്നു. അവരുടെ മനോഹരമായ വ്യക്തിത്വം എല്ലാവരേയും ആകർശിച്ചിരിന്നു. 1926, ജൂൺ 1-ന് അവർ ജനിച്ചു . നോർമ ജീൻ മോർട്ടൻസൺ എന്നതാണ് യാഥാർത്ഥ പേര്. മുപ്പതോളം ചിത്രങ്ങളിൽ മാത്രമേ അഭിനയിച്ചിട്ടുള്ളു എങ്കിലും, നടിയായി , ഹോളിവുഡിനെ ലഹരി പിടിപ്പിച്ച, ലോകത്തിന്റെ ഹൃദയഭാഗം പിടിച്ചു തന്റെ സ്ഥാനമുറപ്പിച്ചിരുന്നു......



ആദ്യകാലത്തെ റോളുകൾ ചെറുതായിരുന്നെങ്കിലും ദി അസ്ഫാൾട്ട്  ജങ്കിൾ, ആൾ എബൗട്ട് ഈവ് ശ്രദ്ധ നേടി. 1952-ൽ മരിലിന് ആദ്യമായി ഡോണ്ട് ബോതർ റ്റു നോക്ക് എന്ന ചലച്ചിത്രത്തിൽ നായികാവേഷം ലഭിച്ചു. സം ലൈക്ക് ഇറ്റ് ഹോട്ട് (1959) എന്ന ചലച്ചിത്രത്തിലെ അഭിനയത്തിന് മർളിന് ഒരു ഗോൾഡൺ ഗ്ലോബ് പുരസ്കാരം ലഭിച്ചു. മർളിന്റെ പൂർത്തിയായ അവസാന ചലച്ചിത്രം ദി മിസ്ഫിറ്റ്സ്    (1961) ആയിരുന്നു.

അവസാനകാലത്ത് തന്റെ ചലച്ചിത്രജീവിതത്തിലും സ്വകാര്യ ജീവിതത്തിലും മർളിന് നിരാശകൾ ഏറ്റുവാങ്ങേണ്ടി വന്നു. അവസാന വർഷങ്ങളിൽ രോഗം, വ്യക്തിപരമായ പ്രശ്നങ്ങൾ, വിശ്വസിക്കാൻ വയ്യായ്ക, കൂടെ ജോലി ചെയ്യാനുള്ള ബുദ്ധിമുട്ട് എന്നിങ്ങനെ പല പ്രശ്നങ്ങളുണ്ടായിരുന്നു. ബാരിബിച്യുറേറ്റുകൾ അധികമായ അളവിൽ കഴിച്ചതുകൊണ്ടുണ്ടായ മരണത്തിന്റെ സാഹചര്യം പല അഭ്യൂഹങ്ങൾക്കും   കാരണം ആയി. 1962-ൽ നിര്യാതയായി





— ശിവാനി.യു 9.C



# അവൾ

ഇരുട്ടിന് പകലിനേക്കാളും ദൈർഘ്യമുണ്ടെങ്കിലും
അവൾക്കിപ്പോഴത് വളരെ ദൈർഘ്യമുള്ളതായി തോന്നിത്തുടങ്ങി.
കാരണം ഇരുട്ടിനോടുള്ള ഭയം തന്നെ . അല്ലെങ്കിലും ജീവിതം
ഇരുട്ടിലായിരിക്കുമ്പോൾ പകൽവെട്ടത്തിനെന്ത് പ്രസക്തി ?
ആൾക്കൂട്ടത്തിനിടയിൽ ആദ്യമായി അറിയപ്പെടാതെ ഒറ്റപ്പെട്ട അവൾ .
എന്ത് തെറ്റ് ജീവിതത്തിൽ ഉണ്ടായതാണെന്ന് ആലോചിച്ചു , അത് അവൾ
സംഭവിച്ചു. വിധിവൈപരീത്യം. താൻ ഒറ്റപ്പെട്ടിരുന്ന ആ അവസ്ഥ,
അങ്ങനെയാകാതിരിക്കാൻ എത്ര സഹിച്ചു, എത്ര ക്ഷമിച്ചു, എത്രത്തോളം സ്നേഹിച്ചു,
എത്രയധികം കരഞ്ഞു ??? പക്ഷെ ആരോടു പറയാൻ ? അവൾ
സമൂഹത്തിൽ "ബാധ്യത" ആയി. [illegible]

അതിനവൾക്കർഹതയുണ്ടോ ?! ഇല്ല. അതുകൊണ്ടാണല്ലോ അവളെന്നും
ഒറ്റപ്പെട്ടിട്ടും ആ മുഖത്തെ പുഞ്ചിരി മായാതെ അവൾ. ചിരിക്കുന്ന അവൾ
വെളിച്ചമാണ് !

അവൾ നിസ്സഹായയായ ആ നിമിഷം.

പിന്നെയൊരാൾ ഉയർന്നുനിന്നില്ല. ആ പുഞ്ചിരിയുള്ള മുഖത്തിൽ അവൾ
പ്രതിഫലിച്ചു. എന്നിട്ടും അവൾക്കാരെയും ഒന്നും പറയാനില്ല, ആ
മാറിൽ കണ്ണീരിൽ ഉരുകിയൊലിച്ച് ഇല്ലാതായിരുന്നതിൽ.... എന്ത്
അങ്ങനെ ഇല്ലാതായാൽ അവൾക്കെന്ത് നഷ്ടം ? നഷ്ടം തന്റെ കുഞ്ഞുങ്ങൾക്ക്
മാത്രം. അതോർത്തപ്പോൾ അവൾ മനസ്സുരുകി പ്രാർത്ഥിച്ചു. "ഈ ലോകത്തിൽ
[illegible]...."

ഒരു ദൈവത്തിനല്ലാതെ ആർക്കാണിത് കഴിയുക ? അതിന്
കഴിയുന്നവർ ഇരുട്ടുകൊണ്ട് മൂടപ്പെട്ടു, കണ്ണടച്ചിരുട്ടാക്കുന്നു.

എല്ലാം എല്ലാം ദൈവത്തിന് - അസാധ്യമായതിനെ സാധ്യമാക്കുന്ന ആ
ശക്തിക്കു മുന്നിൽ മാത്രം താണും ആ മനസ്സിൽ ജീവിതം മുന്നോട്ട്........

അവൾ ആരാണെന്നല്ലേ ? അവൾ - ഒരുപാടു സമൂഹത്തിലിൽ
വെളിച്ചമേകുന്ന അനേകായിരം സ്ത്രീജന്മങ്ങളാണ്.

അനന്യ എം. രജീഷ്

# പുഴകൾ ഓർമ്മകൾ


പുൽമേട്ടിലെ ഇലത്തുമ്പുകളിൽ നിന്ന് ഊർന്നിറങ്ങുന്ന നീർത്തുള്ളികൾ. സൂര്യനുദിക്കാറായ സമയത്ത് പുവയിലേക്കായിരുന്നു യാത്ര. അടുത്തേക്ക് നടക്കുമ്പോൾ കാതിൽ ഓളങ്ങളുടെ ചിരിക്കിലുക്കങ്ങൾ. എത്ര മനോഹരമാണത്. മീനുകൾ ആർത്തുല്ലസിക്കുന്നു. എന്ത് ശോഭയാർന്ന ദൃശ്യം. സ്വർഗ്ഗത്തിൽ നിൽക്കുകയാണോ എന്ന് പോലും സംശയിച്ചു. മരങ്ങളിൽനിന്ന്  വെള്ളത്തുള്ളികൾ പുഴയിലേക്ക് വീഴുന്ന ശബ്ദം മനസ്സിൽ ഓമ്മകൾ സമ്മാനിച്ചു. പുഴകളുടെ ഓർമ്മകൾ, കവിതകൾ, പാട്ടുകൾ. പ്രകൃതിയുടെ ദൈവം ജീവജാലങ്ങൾക്കുവേണ്ടി നേരിട്ടിറങ്ങിവന്ന അനുഭൂതി. പൂമൊട്ടുകൾ മിഴി തുറക്കാറായി നിൽക്കുന്നു. അത് കാത്തു നിൽക്കുന്ന തേൻവണ്ടുകൾ, തുമ്പികൾ, ശലഭങ്ങൾ. പൂക്കൾ മധുരമായ തേൻ തരുമെന്ന് അവർ പ്രത്യാശിക്കുന്നു. പുഴയുടെ ഇരുവശത്തും കല്ലുകൊണ്ടുള്ള അതിരുകൾ. അതിലൂടെ കട്ടുറുമ്പുകൾ ഭടന്മാരെ പോലെ ചലിക്കുന്നു. ഞാനും അവരോടൊപ്പം നീങ്ങി. കുറച്ച് അകലെയായി ഒരു ഗുഹ എന്റെ ശ്രദ്ധയിൽപ്പെട്ടു. അവിടേക്ക് പോകണമെന്ന് മനസ്സ്  പറഞ്ഞു. അങ്ങനെ അവിടേക്ക് നടന്നു. ഓരോ പാദം  വയ്ക്കുമ്പോഴും പിറകേ നിന്ന് അവിടേക്ക് പോകരുതെന്ന് ആരോ പറയുന്നതുപോലെ തോന്നി. ആ ഗുഹയിൽ കയറി. നിശ്ശബ്ദതകളുടെ ചുരുളഴിക്കാൻ........




--നിവേദ്യ കൃഷ്ണ .കെ
*VIII.A*




SAVE FLOWERS
Don't pick flowers





ഈ സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് കേഡറ്റായ
നിഖിത.എസ്.കൃഷ്ണന്റെ "ഫോക്സ് റ്റേൽസ്"
എന്ന പുസ്തക പ്രകാശനം പ്രശസ്ത കവയത്രി
ജയഗീത നിർവഹിച്ചു.

## കുട്ടിക്കവിത

## ഞാനും നീയും

എനിക്ക് നീയായിരിക്കുന്നത്
നിനക്ക് ഞാനല്ലേ...
നിനക്ക് നീയായ ഞാൻ
എനിക്ക് ഞാനായ പോലെ....

--- അന്നമ്മ എം റജീസ്

# പ്രളയത്തിൻ കാലം

നീലാകാശത്തിൽ പഞ്ഞ്ഞിമിഠായി പോലെ മേഘങ്ങൾ ഇരുണ്ട് നിൽക്കുന്നു. മേഘങ്ങളുടെ ആ ഗർഭത്തിൽ നിന്നും മഴത്തുള്ളികൾ പൊഴിയുന്നു. അത് ഭൂമിയുടെ കാൽപ്പാതത്തിൽ പതിക്കുന്നു. അതിന്റെ സൗന്ദര്യത്താൽ ഭൂമി മുഴുവനും നനയുന്നു മഴ എന്ന് കേൾക്കുമ്പോൾ തന്നെ എന്തൊരു കുളിർമ്മ. ഞാനൊരു കസാരയിട്ട് വരാന്തയിൽ മഴ നോക്കിയിരുന്നു. പക്ഷെ ഞാൻ ഓർക്കുന്നു, മഴയെ എല്ലാവരും പേടിച്ചിരുന്ന കാലം ,പ്രകൃതി അതിന്റെ ശബ്ദം പുറത്തെടുത്ത കാലം, പ്രളയത്തിൻ കാലം.

അത് ഇപ്പോഴും എന്റെ കണ്ണിൽ മായാതെ കിടക്കുന്നു. പ്രകൃതി അതിന്റെ ശബ്ദം തുറന്നതിൽ ഞാനും ഒരു ദൃക്സാക്ഷി. അന്ന് നമ്മൾ മഴയെ കുറ്റപ്പെടുത്തി, വെറുത്തു,പേടിച്ചു എന്നാൽ ഇതിനെല്ലാം കാരണം നമ്മൾതന്നെയാണ് എന്ന് നാം മറന്നു. "മഴയില്ലെങ്കിൽ ജീവന്റെ തുടിപ്പില്ല എന്നാൽ മഴ അമിതമാണെങ്കിൽ അത് ജീവൻ എടുക്കും".നാം അത് തിരിച്ചറിയുന്നില്ല.നമ്മൾ പ്രകൃതിയെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്നു.എന്നാൽ പ്രകൃതി പ്രതികരിച്ചപ്പോൾ നമ്മൾ അതിനെ കുറ്റപ്പെടുത്തി.

2018ൽ ലോകം തന്നെ മുങ്ങും എന്ന് നമ്മ്ൾ കരുതിയ കാലം. ആ ദൃശ്യങ്ങൾ എന്റെ മനസ്സിലൂടെ മിന്നിമായുന്നു. മഴയെ സ്നേഹിച്ചവർ അന്ന് മഴയെ വെറുത്തു. നമ്മൾ പ്രളയത്തെഅതിജീവിച്ചു പക്ഷെ ഇനിയും വരാം പ്രകൃതി ദുരന്തങ്ങൾ. ഓർക്കുമ്പോൾ തന്നെ പേടിയാകുന്നു. പെട്ടെന്ന് മുഖത്ത് ഒരു മഴത്തുള്ളി സ്പർശിച്ചു. ആലോചിച്ച് ഇരുന്ന് വേറൊരു ലോകത്ത് പോയത് ഞാനറിഞ്ഞില്ല. മഴയുടെ സൗന്ദര്യം നോക്കി വീണ്ടും ചിന്തകളിലാണ്ട്. ഞാനങ്ങനെ ഇരുന്നു.



-അനുപമ.എൽ
൯.C

# കുട്ടികളും മാനസികാരോഗ്യവും

സ്വന്തം കഴിവുകൾ തിരിച്ചറിയുവാനും, ദൈനംദിനജീവിതത്തിലെ പ്രശ്നങ്ങളെ ധൈര്യത്തോടെ നേരിടുവാനും, അതുവഴി ഫലപ്രദമായ ഒരു സാമൂഹികജീവിതം നയിക്കുവാനുമുള്ള കഴിവിനെയാണ് മാനസികാരോഗ്യം എന്നുപറയുന്നത്. പല രാജ്യങ്ങളിലായി നടന്ന അമ്പതോളം പഠനങ്ങളിൽ ശരാശരി 15.8 ശതമാനം കുട്ടികൾക്ക് മാനസികപ്രശ്നങ്ങളുണ്ടെന്നു കണ്ടെത്തിയിട്ടുണ്ട്കുട്ടികളുടെ മാനസികാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ

ഭ്രൂണാവസ്ഥയിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ: അമ്മമാരിലെ പുകവലി, മദ്യപാനം, വൈകാരികപ്രശ്നങ്ങൾ,ഭ്രൂണാവസ്ഥയിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ: , പോഷകാഹാരക്കുറവ്, പകർച്ചവ്യാധികൾ, പരിക്ക്, തുടങ്ങിയവ

പ്രസവസമയത്തുണ്ടാകുന്ന പ്രശ്നങ്ങൾ

തലച്ചോറിനെ ബാധിക്കുന്ന അപസ്മാരം, മസ്തിഷ്കജ്വരം തുടങ്ങിയ അസുഖങ്ങൾ

ബുദ്ധിമാന്ദ്യം

മാതാപിതാക്കളുടെ അസാന്നിദ്ധ്യം

രക്ഷിതാക്കളിലെ ശാരീരികമോ മാനസികമോ ആയ അസുഖങ്ങൾ

കുട്ടികളെ വളർത്തിയെടുക്കുന്ന ശൈലി: കർക്കശസ്വഭാവക്കാരായ മാതാപിതാക്കളുടെ കുട്ടികളിൽ ഉത്ക്കണ്ഠ, അമിതമായ നാണം, ആത്മവിശ്വാസക്കുറവ് എന്നിവ രൂപപ്പെട്ടേക്കാം. അമിതസ്വാതന്ത്ര്യം ലഭിക്കുന്ന കുട്ടികൾ എടുത്തുചാട്ടക്കാരായേക്കാം.

കലുഷിതമായ ഗൃഹാന്തരീക്ഷം: കുടുംബാംഗങ്ങൾ തമ്മിൽസ്വരച്ചേർച്ചയില്ലായ്മ, കുട്ടികളുടെ കാര്യങ്ങളിലുള്ള മേൽനോട്ടക്കുറവ്, കുട്ടികളുടെ ബൌദ്ധികമായ വളർച്ചയെ സഹായിക്കുന്ന ഘടകങ്ങളുടെ അഭാവം, കഠിനമായ ശിക്ഷാനടപടികൾ തുടങ്ങിയവ കുട്ടികളുടെ മാനസികവളർച്ചയെപ്രതികൂലമായി ബാധിച്ചേക്കാം.

ശാരീരികമോ, മാനസികമോ, ലൈംഗികമോ ആയ പീഢനം

സ്ക്കൂളിലെ പ്രതികൂല സാഹചര്യങ്ങൾ: ഇടക്കിടെ സ്ക്കൂൾ മാറുന്നത്, മറ്റു കുട്ടികളിൽ നിന്നുള്ള അവഗണന തുടങ്ങിയവ കുട്ടികളുടെ വൈകാരികതലത്തിലും പെരുമാറ്റത്തിലും വൈകല്യങ്ങൾക്കു കാരണമാവുകയും, പഠനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്തേക്കാം.

മാധ്യമങ്ങളുടെ സ്വാധീനം: സിനിമ, ടി.വി., വീഡിയോഗെയിംസ് തുടങ്ങിയവയിൽ സ്ഥിരമായി അക്രമങ്ങളും ക്രൂരതയും കാണുന്നത് കുട്ടികളിൽ അക്ഷമ, അന്തർമുഖത്വം, അക്രമവാസന മുതലായവക്ക് കാരണമായേക്കാം.


ജനിതകകാരണങ്ങൾ: ഓട്ടിസം, ഡൌൺസ് സിൻഡ്രോം തുടങ്ങിയ രോഗങ്ങൾ ജനിതകകാരണങ്ങളാൽ ഉണ്ടാകുന്നതാണ്.മുപ്പത്തിയഞ്ചിലധികം വയസ്സുള്ള സ്ത്രീകൾക്കു ജനിക്കുന്ന കുട്ടികൾക്ക്ഡൌൺസ് സിൻഡ്രോം ഉണ്ടാവാൻ സാദ്ധ്യത കൂടുതലാണ്.



കുട്ടികളുടെ മാനസികാരോഗ്യം വിലയിരുത്തുമ്പോൾ കണക്കിലെടുക്കേണ്ട വസ്തുതകൾ

ചില കുട്ടികളിലെ പെരുമാറ്റവൈകല്യങ്ങൾ അവരുടെ കുടുംബങ്ങളിലെ പ്രശ്നങ്ങളുടെ പ്രതിഫലനമാവാം. ഇത്തരം സാഹചര്യങ്ങളിൽ കുട്ടികൾക്കല്ല, മറിച്ച് അവരുടെ കുടുംബാംഗങ്ങൾക്കാവാംമാറ്റം ആവശ്യം. ചില കുട്ടികളിൽ മാനസികപ്രശ്നങ്ങൾ പ്രകടമാവുന്നത് ശാരീരികലക്ഷണങ്ങളിലൂടെയാവാം. വയറുവേദന, തലവേദന, വിശപ്പില്ലായ്മ, ബോധക്ഷയം തുടങ്ങിയവ മാനസികസമ്മർദ്ദത്തിന്റെ ലക്ഷണങ്ങളാവാം. കുട്ടികളുടെ പെരുമാറ്റത്തെ വിശകലനം ചെയ്യുമ്പോൾ അവരുടെ പ്രായം കൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഉദാഹരണത്തിന്, ആഗ്രഹം സാധിക്കാതെ വരുമ്പോൾ തലയിട്ടടിക്കുന്ന സ്വഭാവം നാലഞ്ചുവയസ്സുള്ള കുട്ടികളിൽ പ്രായാനുസൃതമാവാമെങ്കിലും മുതിർന്ന കുട്ടികളിൽ ഇതിന് ചികിത്സ ആവശ്യമായേക്കാം.കുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്താനുള്ള മാർഗങ്ങൾ കുട്ടികളോട് സ്നേഹവും വാത്സല്യവും പ്രകടിപ്പിക്കുന്നതു കൊണ്ട് അവർ തങ്ങളെ വകവെക്കാതാവുമെന്ന് ഭയക്കേണ്ടതില്ല.

കുട്ടികളെ അമിതമായി കുറ്റപ്പെടുത്താത്തതും അവരെ മനസ്സിലാക്കുന്നതുമായ ഒരു കുടുംബാന്തരീക്ഷം സൃഷ്ടിക്കുക. കുട്ടികളിൽ യാഥാർത്ഥ്യബന്ധമില്ലാത്ത പ്രതീക്ഷകൾ അടിച്ചേൽപ്പിക്കാതിരിക്കുക. പെരുമാറ്റങ്ങൾക്ക് വ്യക്തമായ അതിർവരമ്പുകൾ നിശ്ചയിക്കുകയും അവ കണിശമായി പാലിക്കുകയും ചെയ്യുക. (ഉദാഹരണത്തിന്, കുട്ടിയോട് നാം ഒരു കാര്യം പറ്റില്ല എന്നു പറയുകയും, തുടർന്ന് കുട്ടി കുറേ കരയുകയും ബഹളം വെക്കുകയുംചെയ്യുമ്പോൾ നാം തീരുമാനം മാറ്റി ആ കാര്യം നടത്തിക്കൊടുക്കുകയും ചെയ്യുമ്പോൾ, കരഞ്ഞും ബഹളം വെച്ചും ഏതു കാര്യവും സാധിച്ചെടുക്കാമെന്ന കുട്ടിയുടെ ചിന്താഗതി പ്രോത്സാഹിപ്പിക്കപ്പെടുകയാണ് ചെയ്യുന്നത്.) അതേ സമയം, സന്ദർഭങ്ങൾക്കനുസരിച്ച് നിയന്ത്രണങ്ങളിൽ അനുയോജ്യമായ ഇളവുകൾ അനുവദിക്കുക. കുട്ടികൾ വളരുന്നതിനനുസരിച്ച് നിയന്ത്രണങ്ങളിൽ അയവുവരുത്തി അവർക്ക് കൂടുതൽ സ്വാതന്ത്ര്യവും ഉത്തരവാദിത്തങ്ങളും നൽകുക. ഇത് കുട്ടികളിൽ ഉത്തരവാദിത്തബോധവും സഹകരണമനോഭാവവും സ്വയംപര്യാപ്തതയും വളർത്താൻ സഹായിക്കുന്നു. കുട്ടികളോട് സ്നേഹവും വാത്സല്യവും പ്രകടിപ്പിക്കുന്നതു കൊണ്ട് അവർ തങ്ങളെ വകവെക്കാതാവുമെന്ന് ഭയക്കേണ്ടതില്ല.





ശരിയായി ആശയവിനിമയം നടത്തുന്നതെങ്ങിനെയെന്നും സമൂഹവുമായിഇടപഴകേണ്ടതെങ്ങിനെയെന്നും കുട്ടികളെ പ്രത്യേകം പരിശീലിപ്പിക്കുക.
സിഗരറ്റ്, പാൻമസാല, മദ്യം മുതലായ ലഹരിപദാർത്ഥങ്ങളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാൻമാരാക്കുക.
ബുദ്ധിമാന്ദ്യമുള്ള കുട്ടികളെ നേരത്തേതന്നെ തിരിച്ചറിഞ്ഞ് അവർക്ക് അനുയോജ്യമായ പരിശീലനങ്ങൾ ലഭ്യമാക്കുക.
അമിതമായ അക്രമവാസനയോ, ആത്മഹത്യാപ്രവണതയോ, മറ്റു സ്വഭാവവൈകല്യങ്ങളോ ഉള്ള കുട്ടികൾക്ക് നേരത്തേ തന്നെ വിദഗ്ധസഹായം ലഭ്യമാക്കുക.
വൈകല്യങ്ങളുള്ള കുട്ടികളുടെ മാതാപിതാക്കൾ അവരെ ശരിയായി പരിചരിക്കേണ്ടതെങ്ങിനെ എന്ന അറിവു നേടുക.




മിനി ആർ
കൗൺസെല്ലിംഗ് അദ്ധ്യാപിക

# പൈത്തൺ ഗ്രാഫിക്സിലൂടെ


```
from turtle import*
pensize(3)
color("red","green")
begin_fill()
for i in range(24):
    for j in range(4):
        fd(50)
        rt(90)
    rt(15)
    fd(25)
end_fill()
```






```
from turtle import*
pensize(3)
color("red")
for i in range(9):
    fd(200)
    rt(160)
```


```
from turtle import*
pensize(3)
color("green","cyan")
begin_fill()
for i in range(24):
    for j in range(4):
        fd(50)
        rt(90)
    rt(15)
    fd(25)
end_fill()
```






```
from turtle import*
pensize(3)
color("red","green")
begin_fill()
for i in range(9):
    for j in range(1,4):
        fd(200)
        rt(160)
    circle(j*10)
end_fill()
```


```
from turtle import*
pensize(3)
color("green","blue")
begin_fill()
for i in range(8):
    for j in range(1,4):
        circle(j*10)
    rt(45)
    fd(75)
end_fill()
```






```
from turtle import*
pensize(3)
color("blue","yellow")
begin_fill()
for i in range(8):
    fd(100)
    circle(20)
    rt(180)
    fd(50)
    rt(45)
end_fill()
```


```
from turtle import*
pensize(3)
begin_fill()
color("purple","yellow")
for i in range(3):
    for j in range(10):
        fd(j*10)
        rt(60)
        fd(50)
    fd(25)
end_fill()
```




```
from turtle import*
pensize(3)
color("blue","yellow")
begin_fill()
for i in range(25):
    circle(10)
    fd(150)
    for j in range(4):
        fd(20)
        rt(90)
    left(115)
end_fill()
```



```
from turtle import*
pensize(3)
color("red","green")
begin_fill()
for i in range(6):
    circle(80)
    rt(60)
end_fill()
```



```
from turtle import*
pensize(3)
color("red","blue")
begin_fill()
for i in range(9):
    fd(200)
    rt(160)
end_fill()
```






# മാഗസീൻ ഇവരിലൂടെ.....................



വൈദേഹി ജെ



കീർത്തന കിഷോർ





ഗൗരിനന്ദ എസ്



ശിവാനി എസ്

ഇവിടമാണിവിടമാണെന്റെ ഗേഹം
ഇവിടമാണിവിടമാണാത്മ ഗേഹം



ഒരുവട്ടം കൂടിയെൻ പഴയദേവാലയ-
തിരുമുറ്റത്തെത്തുവാൻ മോഹം............